LIBRARY ARCHIVES Kerala Legislative Assembly

5. പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ഡോ. എം. കെ. മുനീർ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം

ക്രമ നമ്പർ	ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകപ്പ്/സ്ഥാപനം
1	IV-തെരഞ്ഞെടുപ്പുകൾ	2013-14	തദ്ദേശസ്വയംഭരണം [കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, സംസ്ഥാന ഡീലിമിറ്റേഷൻ കമ്മീഷൻ (2015-00-110-99)]

6. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു :

വാർഷിക പ്രവർത്തന റിപ്പോർട്ടിന്റെ വിശദാംശം

ക്രമ നമ്പർ	ധനാഭ്യർത്ഥന നമ്പർ	സാമ്പത്തിക വർഷം	വകപ്പ്/സ്ഥാപനം
1	XXXIV-വനം	2014-15	വനം-വന്യജീവി

VI ചട്ടങ്ങളുടെ ഭേദഗതികളുടെ പരിഗണന

1. 20-5-2015-ലെ ജി.ഒ.(പി) 42/2015/പി.ഡബ്ല്യു.ഡി.(എസ്.ആർ.ഒ. നമ്പർ 346/2015) ഉത്തരവിന് നൽകിയ ഭേദഗതി

മി. സ്പീക്കർ : ശ്രീ. മാത്യു റ്റി. തോമസ്, അങ്ങേയ്ക്ക് 2015 മേയ് 20-ാം തീയതിയിലെ ജി.ഒ.(പി) 42/2015/പി.ഡബ്ല്യു.ഡി.നമ്പർ (എസ്.ആർ.ഒ. നമ്പർ 346/2015) ഉത്തരവിന് നൽകിയ ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

Shri Mathew T Thomas : Sir, I move the following amendment :

In the first line of the S.R.O., the words and figures "In exercise of the powers conferred by section 3 of the Kerala State Right to Service Act, 2012 (18 of 2012)" shall be deleted or the S.R.O. itself shall be annulled.

സേവനാവകാശ നിയമത്തിലെ വ്യവസ്ഥ പ്രകാരം പൊതുമരാമത്ത് വകുപ്പ് 20-5-2015-ൽ പുറപ്പെടുവിച്ച എസ്.ആർ.ഒ. നമ്പർ 346/15-നുള്ള ഭേദഗതിക്കാണ് ഞാൻ നോട്ടീസ് നൽകിയിരിക്കുന്നത്. പേരന്റ് ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായിട്ടാണ് ഈ ചട്ടം പുറപ്പെടുവിച്ചിരിക്കുന്നത്. സേവനാവകാശ നിയമം 2012-ൽ നിയമസഭ പാസ്സാക്കിയതാണ്. അതിലെ 3-ാം വകുപ്പിൽ പറയുന്നത്, 'ആക്ടിന്റെ പ്രാരംഭം മുതൽ 6 മാസത്തിനകം, ഓരോ സർക്കാർ വകുപ്പും ഓരോ വകുപ്പുമേധാവിയും ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും ഓരോ നിയമാധിഷ്ഠിത നികായവും അവ ഓരോന്നും നൽകുന്നതായ സേവനങ്ങൾ, നിയുക്ത ഉദ്യോഗസ്ഥർ, ഒന്നാം അപ്പീൽ അധികാരി, രണ്ടാം അപ്പീൽ അധികാരി, നിശ്ചിത സമയപരിധി എന്നിവ ഈ ആക്ടിന്റെ ആവശ്യങ്ങൾക്കായി ഗസറ്റിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്. ഈ ആക്ടിന് ഗവർണ്ണറുടെ അനുമതി കിട്ടിയതിനെത്തുടർന്ന് 2012 സെപ്റ്റംബർ 18-ാം തീയതി ഗസറ്റിൽ പബ്ലിഷ് ചെയ്തു. സർക്കാർ ഗസറ്റ് വിജ്ഞാപനംവഴി നിശ്ചയിക്കുന്ന തീയതി മുതൽ ആക്ട് നിലവിൽ വരും. അങ്ങനെ എസ്.ആർ.ഒ. നമ്പർ 750/2012 ആയി 2012 നവംബർ മാസം 1-ാം തീയതി മുതൽ നിയമം നിലവിൽ വരുന്നുവെന്ന് കാണിച്ച് സർക്കാർ ഗസറ്റിൽ വിജ്ഞാപനം ചെയ്തു. വകുപ്പ് 3 പ്രകാരം, നിയമം നിലവിൽ വന്ന് 6 മാസത്തിനകം നൽകുന്ന സേവനങ്ങളെ സംബന്ധിച്ച് വിജ്ഞാപനം പുറപ്പെടുവിക്കാൻ ഓരോ വകുപ്പും ബാധ്യസ്ഥമാണ്. പ്രസ്തുത വകുപ്പ് പ്രകാരം 6 മാസം കഴിഞ്ഞാൽ ഒരു സേവനവും വിജ്ഞാപനം ചെയ്യാൻ വ്യവസ്ഥയില്ല. ഈ നിയമം ചർച്ച ചെയ്ത അവസരത്തിൽ 6 മാസത്തിനുശേഷവും അത്തരത്തിലുള്ള അവകാശങ്ങൾ ഗവൺമെന്റ് നൽകണമെന്ന ഒരു ഭേദഗതി നിർദ്ദേശം നൽകിയിരുന്നെങ്കിലും അന്ന് ചർച്ച കൂടാതെ പാസ്സാക്കേണ്ട സാഹചര്യമുണ്ടായതിനാൽ മൂവ് ചെയ്യാൻ കഴിഞ്ഞില്ല. ഇപ്പോഴത്തെ നിയമം അനുസരിച്ച് ഈ ആക്ട് നിലവിൽ വന്ന് 6 മാസം കഴിഞ്ഞാൽ ഒരു സേവനവും വിജ്ഞാപനം ചെയ്യാൻ കഴിയുന്നതല്ല. ഇപ്പോൾ ഞാൻ ഭേദഗതി ആവശ്യപ്പെടുന്ന എസ്.ആർ.ഒ.-യുടെ തീയതി 20-5-2015 ആണ്. എന്നുപറഞ്ഞാൽ, ആക്ട് നിലവിൽവന്ന് ഏകദേശം രണ്ടര വർഷത്തിനുശേഷമാണ് എസ്.ആർ.ഒ. പുറത്തിറക്കിയിട്ടുള്ളത്. അങ്ങനെ എസ്.ആർ.ഒ. ഇറക്കാൻ കഴിയുന്നതല്ല. ഇതിൽ പറയുന്ന സേവനം, പി.ഡബ്ല്യു.ഡി. റസ്റ്റ് ഹൗസും കോറിഡോഴ്സും സിനിമയ്ക്ക് വേണ്ടിയും സീരിയലിനു വേണ്ടിയും വാടകയ്ക്ക് കൊടുക്കുന്ന കാര്യമാണ്. അത് പൊതുജനങ്ങൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സേവനമാണോയെന്നുള്ളത് വേറെ വിഷയം. ഞാനതല്ല പറയാൻ ഉദ്ദേശിക്കുന്നത്. പൊതുജനങ്ങളുടെ സേവനമാണെന്ന് തന്നെ പരിഗണിക്കുക. 2012 നവംബർ മാസം 1-ാം തീയതി നിലവിൽ വന്ന നിയമത്തെ സംബന്ധിച്ച് ആറ് മാസത്തിനകം വിജ്ഞാപനം ചെയ്യാതെ രണ്ടര കൊല്ലം കഴിഞ്ഞ് വിജ്ഞാപനം ചെയ്യുമ്പോൾ സേവനാവകാശ നിയമത്തിന്റെ പരിരക്ഷ ആ വിജ്ഞാപനത്തിന് ലഭിക്കരുത്. അതുകൊണ്ട് നിലവിൽ ഇറക്കിയിരിക്കുന്ന ചട്ടത്തിലെ 'In exercise of the powers conferred by Section 3 of the Kerala State Right to Service Act, 2012' എന്ന ഭാഗം ഒഴിവാക്കുകയോ, ഈ എസ്.ആർ.ഒ. റദ്ദ് ചെയ്യുകയോ ചെയ്യണമെന്നാണ് എന്റെ ഭേദഗതി.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്) : സർ, ശ്രീ. മാത്യു റ്റി. തോമസ് ഇവിടെ ഉന്നയിച്ച പ്രശ്നം വളരെ വിശദമായി പരിശോധിക്കുകയുണ്ടായി. പൊതുമരാമത്ത് വകുപ്പിലെ റോഡ്സ് ആന്റ് ബ്രിഡ്ജസ്, ബിൽഡിംഗ്സ്, നാഷണൽ ഹൈവേ തുടങ്ങിയവയുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ യഥാസമയം എല്ലാ കാര്യങ്ങളും ചെയ്തിട്ടുണ്ട്. കേരള റോഡ് ഫണ്ട് ബോർഡ് പുറത്തിറക്കിയ എസ്.ആർ.ഒ.-യുടെ കാര്യത്തിലാണ് അങ്ങ് ഉന്നയിച്ച പ്രശ്നം വരുന്നത്. നിയമ വകുപ്പ്, നിയമ വിദഗ്ധർ, നിയമ വകുപ്പ് സെക്രട്ടറി തുടങ്ങിയവരുമായി ഇതുസംബന്ധിച്ച് വിശദമായ ചർച്ച നടത്തിയിട്ടുണ്ട്. Kerala State Right to Service Act-2012 പ്രാബല്യത്തിൽ വന്നത് 2012 നവംബർ മാസം 1-ാം തീയതി മുതലാണ്. പ്രസ്തുത നിയമപ്രകാരം കേരള റോഡ് ഫണ്ട് ബോർഡിൽനിന്നും പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ വ്യക്തമാക്കിക്കൊണ്ട് 20-5-2015-ൽ പൊതുമരാമത്ത് വകുപ്പ് പുറപ്പെടുവിച്ച വിജ്ഞാപനം ആക്ട് നിലവിൽവന്ന് 6 മാസത്തിനകം പുറപ്പെടുവിക്കണമെന്ന ആക്ടിലെ നിബന്ധന പാലിക്കപ്പെടാത്തതിനാൽ ഈ വിജ്ഞാപനം റദ്ദാക്കുകയോ, ഒറിജിനൽ ആക്ടിൽ തന്നെ ഭേദഗതി വരുത്തുകയോ ചെയ്യണമെന്നാണ് ബഹുമാനപ്പെട്ട എം.എൽ.എ. നൽകിയ നോട്ടീസിൽ പറയുന്നത്. സേവനാവകാശ നിയമം 3-ാം വകുപ്പ് പ്രകാരമുള്ള വിജ്ഞാപനങ്ങൾ ആക്ട് പ്രാബല്യത്തിൽ വന്ന് 6 മാസത്തിനുള്ളിൽ പുറപ്പെടുവിക്കണമെന്ന് നിർദ്ദേശമുണ്ട് - 'every statutory body shall, within 6 months from the commencement of this Act, notify in Gazette the services that will rendered by each of them'. മേൽപ്പറഞ്ഞ 6 മാസമെന്ന കാലാവധി ഭരണ വകുപ്പുകളെ സംബന്ധിച്ചിടത്തോളം പാലിക്കേണ്ട നിർദ്ദേശം മാത്രമാണ്. അഥവാ ആ സമയപരിധിക്കുശേഷം പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾ അസാധു ആകുമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്യാത്തിടത്തോളം കാലം വിജ്ഞാപനം സാധുവായിരിക്കുന്നതാണ്. ഇങ്ങനെ സമയപരിധി നിശ്ചയിച്ചിട്ടുള്ള സാഹചര്യത്തിൽ 'shall' എന്ന ഇംഗ്ലീഷ് പദത്തിന്റെ പ്രയോഗം mandatory അല്ലെന്നും അത് 'may' ആയി വായിക്കണമെന്നും

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട സുപ്രീം കോടതി നിഷ്കർഷിച്ചിട്ടുണ്ട്. മറിച്ച് ഈ നിർദ്ദേശം mandatory ആവുകയാണെങ്കിൽ പുതിയതായി വരുന്ന ഗവൺമെന്റ് ഡിപ്പാർട്ടുമെന്റുകൾക്കും മറ്റ് ഇതര ഗവൺമെന്റ് സ്ഥാപനങ്ങൾക്കും സേവനാവകാശ നിയമം ഒരിക്കലും ബാധകമാക്കാൻ കഴിയാത്ത അവസ്ഥ സംജാതമാകും. ആക്ടിലെ ചട്ടം 3-ൽ shall എന്ന് പ്രയോഗിച്ചിരിക്കുന്നതുമൂലം ആക്ട് നിലവിൽവന്ന 1-11-2012 കഴിഞ്ഞ് 6 മാസത്തിനുശേഷം പുറപ്പെടുവിച്ച ഒരു വിജ്ഞാപനവും അസാധുവാകുന്നില്ലെന്നാണ് നിയമ വകുപ്പ് സെക്രട്ടറി നൽകിയ ഉപദേശത്തിൽ പറയുന്നത്. സേവനാവകാശ നിയമ പ്രകാരമുള്ള റൂൾസ് ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ റൂൾ 6 പ്രകാരം, അതത് ഓഫീസുകളിൽ ലഭ്യമായ സേവനങ്ങളും മറ്റ് വിശദവിവരങ്ങളും ഓഫീസിലെ നോട്ടീസ് ബോർഡിൽ പ്രസിദ്ധീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. റൂൾ 6 പ്രകാരമുള്ള വിവരങ്ങൾ കേരള റോഡ് ഫണ്ട് ബോർഡ് ഓഫീസിലെ നോട്ടീസ് ബോർഡിൽ വ്യക്തമായി പ്രദർശിപ്പിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ സാഹചര്യത്തിൽ പൊതുമരാമത്ത് വകുപ്പ് പുറത്തിറക്കിയ വിജ്ഞാപനം, ആക്ട് പ്രാബല്യത്തിൽ വന്ന് 6 മാസം കഴിഞ്ഞാണ് പുറപ്പെടുവിച്ചത് എന്ന ഒറ്റക്കാരണത്താൽ അസാധുവാകുന്നില്ല. അതിനാൽ അത് റദ്ദാക്കേണ്ട സാഹചര്യം നിലവിലില്ല. അതുകൊണ്ടുതന്നെ ബഹുമാനപ്പെട്ട അംഗം നിർദ്ദേശിച്ചതു പോലെയുള്ള ഭേദഗതികൾ ആവശ്യമില്ലായെന്ന് കണ്ട് അത് നിരസിക്കാവുന്നതാണ്. വിശദമായി ഈ കാര്യത്തിൽ ചർച്ച നടത്തിയിട്ടുണ്ട്. അതോടൊപ്പംതന്നെ നിയമ വകുപ്പ് സെക്രട്ടറി നൽകിയ നിയമോപദേശം അങ്ങയുടെ അനുവാദത്തോടുകൂടി ആവശ്യമാണെങ്കിൽ മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

<u>ശ്രീ. മാത്യു റ്റി. തോമസ്</u> : സർ, അങ്ങനെയാണെങ്കിൽ ഈ നിയമത്തിന്റെ അകത്ത് 6 മാസം എന്നൊരു കാലാവധി ചേർത്തതിന്റെ ഉദ്ദേശമെന്താണ്?

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : സർ, അന്ന് ബിൽ ചർച്ച ചെയ്ത അവസരത്തിൽ അങ്ങ് ഒരു ഭേദഗതി നിർദ്ദേശിച്ചിരുന്നത് അവതരിപ്പിക്കാൻ സാധിച്ചില്ലായെന്ന് അങ്ങുതന്നെ പറഞ്ഞു. അത് വളരെ റിലവന്റാണ്. കാരണം ബഹുമാനപ്പെട്ട സുപ്രീം കോടതി രണ്ടുമൂന്ന് കേസ്സുകളിൽ 'Shall' എന്ന പ്രയോഗം 'may' എന്ന് കണക്കാക്കിയാൽ മതിയെന്ന് വളരെ വ്യക്തവും അസന്നിഗ്ധവുമായി പറഞ്ഞിട്ടുണ്ട്. ആ ബിൽ ചർച്ച ചെയ്യുന്ന അവസരത്തിൽ അങ്ങേയ്ക്ക് അതിനുള്ള അവസരം ലഭിച്ചിരുന്നുവെങ്കിൽ കുറച്ചുകൂടി കുറ്റമറ്റതായിരുന്നു. ഇന്നത്തെ പരിതസ്ഥിതിയിൽ പിന്നീട് വരുന്ന ഡിപ്പാർട്ടുമെന്റുകൾക്കും മറ്റും സേവനാവകാശ നിയമം നടപ്പാക്കാൻ പറ്റാത്ത സ്ഥിതിയുണ്ടാകും. അതുകൊണ്ട് അങ്ങ് അവതരിപ്പിച്ച ഭേദഗതി അംഗീകരിക്കേണ്ടതില്ല എന്നാണ് ഗവൺമെന്റിന്റെ പക്ഷം.

<u>മി. സ്പീക്കർ</u> : ബഹുമാനപ്പെട്ട മാത്യു റ്റി. തോമസ്, അങ്ങയുടെ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ ?

ശ്രീ. മാത്യു റ്റി. തോമസ് : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. മാത്യു റ്റി. തോമസ് അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

2. 2014-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതിക്ക് നൽകിയ ഭേദഗതി

മി. സ്പീക്കർ : ശ്രീ. കെ. ശിവദാസൻ നായർ, അങ്ങേയ്ക്ക് 2014 നവംബർ 5-ാം തീയതിയിലെ സ.ഉ.(എം.എസ്.) നമ്പർ 05/2014/നോർക്ക (എസ്.ആർ.ഒ. നമ്പർ 688/2014) മുഖേന പുറപ്പെടുവിച്ച 2014-ലെ പ്രവാസി കേരളീയരുടെ ക്ഷേമ (ഭേദഗതി) പദ്ധതിക്കുള്ള ഭേദഗതി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

ഖണ്ഡിക 2 (1) (ii)-ൽ

"യഥാർത്ഥ വിമാന യാത്രാ ടിക്കറ്റ് നിരക്കോ" എന്നീ വാക്കുകൾക്ക് പകരം "യഥാർത്ഥ ഇക്കോണമി ക്ലാസ് വിമാന യാത്രാ ടിക്കറ്റ് നിരക്കോ" എന്നീ വാക്കുകൾ ചേർക്കുക.

9-ാം വകുപ്പ് 3-ാം ഉപവകുപ്പിലെ 1-ാം ഖണ്ഡത്തിൽ ഉൾപ്പെടുന്ന ഡയറക്ടർമാർക്ക് ബോർഡ് യോഗങ്ങളിൽ പങ്കെടുക്കുന്നതിന് ഒരു വർഷത്തിൽ ആകെ ഒരു ലക്ഷം രൂപയിൽ കവിയരുത് എന്ന നിബന്ധനയ്ക്ക് വിധേയമായി ഒരു യോഗത്തിന് 25,000 രൂപയോ യഥാർത്ഥ വിമാന യാത്രാ ടിക്കറ്റ് നിരക്കോ ഏതാണോ കുറവ് ആയത് യാത്രാപ്പടിയായി നൽകേണ്ടതാണ്. അതായത് എക്സിക്യൂട്ടീവ് ക്ലാസ് യാത്രാനിരക്ക് വരെ വാങ്ങിക്കാനുള്ള അവസരം ഇതുമൂലം ഉണ്ടാവുകയാണ്. അതിനാൽ 'ഇക്കോണമി ക്ലാസ് എന്ന് പ്രത്യേകമായി സ്പെസിഫൈ ചെയ്യേണ്ടത് ആവശ്യമാണ് എന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ടാണ് 'യഥാർത്ഥ ഇക്കോണമി ക്ലാസ് വിമാന യാത്രാ ടിക്കറ്റ് നിരക്കോ' എന്നീ വാക്കുകളാക്കി മാറ്റണമെന്ന് ഞാൻ ആവശ്യപ്പെട്ടത്.

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) : സർ, ശ്രീ. കെ. ശിവദാസൻ നായർ ചൂണ്ടിക്കാണിച്ച എസ്.ആർ.ഒ. നമ്പർ 688/2014 പ്രകാരം പ്രവാസി ക്ഷേമനിധി ബോർഡിലെ യോഗങ്ങളിൽ പങ്കെടുക്കുന്ന മെമ്പർമാർക്ക് ഒരു വർഷത്തിലാകെ ഒരു ലക്ഷം രൂപയിൽ കവിയരുതെന്ന നിബന്ധനയ്ക്ക് വിധേയമായി ഒരു യോഗത്തിന് 25,000

LIBRARY ARCHIVES Kerala Legislative Assembly